LIBRARY ARCHIVES Kerala Legislative Assembly

(സി) പെട്രോൾ, ഡീസൽ, പാചക വാതക വില കുറയ്ക്കുന്നതിനായി സ്വീകരിച്ചുവരുന്ന ക്രിയാത്മക നടപടികൾ വ്യക്തമാക്കുമോ?

(എ-സി) നിലവിൽ പാചകവാതകം ജി.എസ്.ടി.യുടെ പരിധിയിലാണ് വരുന്നത്. പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി-യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപ്പന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതിനിരക്കായ 28% ചുമത്തിയാൽപോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റ് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

കോവിഡ്, പ്രളയം എന്നിവയുണ്ടാക്കിയ പ്രത്യാഘാതങ്ങൾക്ക് പരിഹാരം

4 (385) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്, പ്രളയം എന്നിവമൂലം സാമ്പത്തികമായി ഉലഞ്ഞ പൊതുസമൂഹത്തിൽ ആത്മഹത്യാ പ്രവണതകൾ കൂടി വരുന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ മൊത്തം കണക്കുകൾ കണക്കിലെടുക്കുമ്പോൾ കോവിഡ്-പ്രളയ കാലഘട്ടത്തിൽ ആത്മഹത്യയുടെ നിരക്കിൽ വർദ്ധനവ് വന്നിട്ടുള്ളതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോവിഡ്, പ്രളയം എന്നിവമൂലം കേരളത്തിന്റെ സാമ്പത്തിക രംഗത്തുണ്ടായതും ഇനിയുണ്ടാക്കാവുന്നതുമായ പ്രത്യാഘാതങ്ങൾ പ്രത്യേകം പഠനവിധേയമാക്കിയിട്ടുണ്ടോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 05-5-2020-ലെ സ.ഉ.(സാധാ) നമ്പർ 2945/2020/ധന പ്രകാരം Expert Committee to conduct study on the impact of Covid-19 and the consequence of lockdown on the different facets of public finance of the state, 14-5-2020-ലെ സ.ഉ.(സാധാ) നമ്പർ 3032/2020/ധന പ്രകാരം Expert Committee on Rationalizing Revenue Expenditure എന്നീ രണ്ട് വിദഗ്ധ സമിതികളെ നിയോഗിച്ചിരുന്നു. ഈ രണ്ട് സമിതികളും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ സമിതികളുടെ റിപ്പോർട്ടിലെ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പരിഗണിച്ച് 05-11-2020-ലെ സ.ഉ.(അച്ചടി) നമ്പർ 152/2020/ധന പ്രകാരം ധനദുർവ്വിനിയോഗം സാദ്ധ്യമാക്കുന്ന വ്യയ നിയന്ത്രണ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരി, സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏല്പിച്ച സാമൂഹികവും സാമ്പത്തികവുമായ ആഘാതം തിട്ടപ്പെടുത്തുന്നതിനും സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളികളെ ഊർജ്ജിതമായി നേരിടുക വഴി സംസ്ഥാനത്തെ ഈ പ്രതിസന്ധി ഘട്ടത്തിൽനിന്നും കരകയറ്റുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു പഠനം നടത്തുവാൻ 18-8-2021-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 5599/2021/ധന പ്രകാരം Gulati Institute of Finance & Taxation (GIFT)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. GIFT ഇതുസംബന്ധിച്ച് പഠനം നടത്തിവരുന്നു.

(സി) കോവിഡ്മൂലം ജോലി നഷ്ടപ്പെട്ടവർ, തിരികെയെത്തിയ പ്രവാസികൾ എന്നിവരെയെല്ലാം സഹായിക്കുന്നതിന് പ്രത്യേക സാമ്പത്തികപാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായി പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ചട്ടം 300 അനുസരിച്ച് 30-7-2021-ൽ സഭയിൽ പ്രസ്താവനയായി അവതരിപ്പിച്ച പാക്കേജ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.